കണക്കാക്കുന്നു. ഇതിൽ വിവിധ നിർവ്വഹണ ഏജൻസികൾക്ക് കേന്ദ്ര സർക്കാർ നേരിട്ട് സഹായം നൽകി വരുന്നതിൽ, 2014-15 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ബഡ്ജറ്റ് വഴി പ്രസ്തുത ഏജൻസികൾക്ക് കൈമാറ്റം ചെയ്യുകയും ഉൾപ്പെടും. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം വിവിധ വകുപ്പുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷം 1508.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം

109(2097) ശ്രീ. എളമരം കരീം :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി, വർഷാന്ത്യം തിടുക്കപ്പെട്ട് കാര്യങ്ങൾ ചെയ്യുന്നത് ഒഴിവാക്കാൻ നൽകിയ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സാമ്പത്തിക നഷ്ടം സംഭവിക്കാതിരിക്കാനുള്ള പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമാകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ വർഷാന്ത്യം തിടുക്കപ്പെട്ട് നടത്തേണ്ടിവരുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ കാരണമാകുന്നുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിലും വിവിധ വകുപ്പുകൾ ചെലവഴിക്കേണ്ട പദ്ധതി തുക സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. അതിൻപ്രകാരം ആദ്യ പാദത്തിൽ പദ്ധതി വിഹിതത്തിന്റെ 10 ശതമാനവും രണ്ടാം പാദത്തിൽ 20 ശതമാനവും മൂന്നാം പാദത്തിൽ 30 ശതമാനവും നാലാം പാദത്തിൽ 40 ശതമാനവും പദ്ധതി തുക ചെലവഴിക്കണം. ഇപ്രകാരം പദ്ധതി നിർവ്വഹണ പുരോഗതി വകുപ്പുതലവൻമാർ/സെക്രട്ടറിമാർ തുടങ്ങിയവർ വിലയിരുത്തുന്നു. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡ് ഓൺലൈൻ പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനമായ

LIBRARY ARCHIVES Kerala Legislative Assembly

'പ്ലാൻസ്പേസ്' മുഖേന പദ്ധതി പുരോഗതി അവലോകനം മാസംതോറും നടത്തുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന വിവരങ്ങൾ യഥാക്രമം ബഹു. മുഖ്യമന്ത്രി, ബഹു. മന്ത്രിമാർ, ചീഫ് സെക്രട്ടറി എന്നിവരെ അറിയിക്കുന്നതിന് ആസൂത്രണ ബോർഡിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ വകുപ്പുകളും ശ്രമിച്ചുവരുന്നു.

(സി) വീഴ്ചകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാരുണ്യ ബെനവലന്റ് ഫണ്ട്

110(2098) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബനവലന്റ് ഫണ്ട് വിനിയോഗം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അനുവദിക്കുന്ന പരമാവധി തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) അവയവം ദാനം നൽകുന്നവരുടെ മുഴുവൻ ചികിത്സാചെലവും ഫണ്ടിൽനിന്നും അനുവദിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) കാരുണ്യ ബനവലന്റ് ഫണ്ടിന്റെ സംസ്ഥാനതല കമ്മിറ്റിയിൽ കാരുണ്യ ബനവലന്റ് ഫണ്ടിന്റെ വിനിയോഗം വിശകലനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിൽ നിന്നുള്ള ലാഭം ഉപയോഗിച്ചാണ് ചികിത്സാ ധനസഹായം നൽകുന്നത്. പ്രസ്തുത ലോട്ടറികളിൽനിന്നുള്ള വരുമാനത്തേക്കാൾ ധനസഹായത്തിനുള്ള ആവശ്യം അധികരിച്ചിരിക്കുന്നതിനാൽ ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചു നൽകുന്നതിന് തടസ്സമുണ്ട്.

(സി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ രോഗിക്കു പുറമെ അവയവദാതാവിനുള്ള ചികിത്സയ്ക്കായി കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ കൂടി അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിൽ നിന്നുള്ള ലാഭം ഉപയോഗിച്ചാണ് ചികിത്സാ ധനസഹായം നൽകുന്നത്. സാമ്പത്തിക പരിമിതി കാരണം അവയവദാനം നൽകുന്നവരുടെ മുഴുവൻ ചികിത്സാ ചെലവും കാരുണ്യ ഫണ്ടിൽ നിന്നും നൽകുന്നത് തല്ക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly